# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3507

12/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരുത്തുന്നതിനും നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരുത്തുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്തുന്നതിനും ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് (എം.എസ്.ഡി.പി) പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുമുള്ള സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം,, |

ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.